**അറിയിപ്പ്**

<u>രക്തസാക്ഷി ദിനം</u>

<u>മി. സ്പീക്കർ</u>: വളരെ പ്രധാനപ്പെട്ട ഒരു അറിയിപ്പുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജീവൻ ബലികഴിച്ചവരുടെ സ്മരണാർത്ഥം, എല്ലാ വർഷവും രാജ്യമൊട്ടുക്ക് ജനുവരി 30-ന് രാവിലെ 11.00 മണി മുതൽ രണ്ട് മിനിട്ട് നേരം ഓരോരുത്തരും അവരുടെ സഞ്ചാരത്തിനും പ്രവർത്തനത്തിനും വിരാമമിട്ട്, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരചരമം പ്രാപിച്ചവരെ സ്മരിച്ച് മൗനാചരണം നടത്താറുണ്ട്. ഐതിഹാസികമായി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായി വീരമൃത്യുവരിച്ചവരെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ സഭയും ഇന്ന് പതിനൊന്ന് മണിക്ക് രണ്ടുമിനിട്ട് നേരം മൗനം ആചരിക്കുന്നതാണെന്നറിയിക്കുന്നു.